# സുബ്ബയ്യയുടെ അരിക്കച്ചവടം



ഇന്ത്യയിലെ ആംഗ്ലോ ഇന്ത്യൻ എഴുത്തുകാരിൽ പ്രധാനി, പതിനഞ്ച് നോവലുകളടക്കം ഒട്ടേറെ കൃതികൾ, പത്മവിഭൂഷൺ, പത്മഭൂഷൻ, സാഹിത്യ അക്കാദമി അവാർഡ് എന്നിങ്ങനെ നിരവധി പുരസ്കാരങ്ങൾ.

**ആർ.കെ. നാരായൺ (1906–2001)**




അങ്ങാടിയിൽ പ്രധാന ഗെയ്റ്റിന്നരികിലായിരുന്നു സുബ്ബയ്യയുടെ അരിക്കട. എല്ലാതരം അരിയും അവിടെ കിട്ടും. പരുക്കൻ അരിമുതൽ വിശേഷപ്പെട്ട 'ഡൽഹി സാമ്പ' വരെ. ഇരുണ്ട, കാറ്റുകടക്കാത്ത കടയാണെങ്കിലും സുബ്ബയ്യക്ക് ഏറ്റവും ഇഷ്ടപ്പെട്ട സ്ഥലമായിരുന്നു അത്. അവിടത്തെ ഓരോ ഇഞ്ചും അയാൾക്ക് ഇഷ്ടപ്പെട്ടു. അരിയുടെ ചാക്കിന്റെ മണം, അരിയുടെയും ഉമിയുടെയും മണം എല്ലാം. മില്ലിൽ നിന്ന് കുത്തി കുട്ടയിലാക്കി തന്റെ കടയിലെത്തുന്ന അരിയുടെ ഇളംചൂട് അയാൾക്ക് പരമാനന്ദം നൽകി. കാലം നന്നാവുമ്പോഴും മോശമാവുമ്പോഴും സുബ്ബയ്യ മാറ്റമില്ലാതെ അരിവിൽപന തുടർന്നു.

വരൾച്ചാക്കാലത്ത് നെല്ല് വരവ് കുറഞ്ഞ് മില്ലുകൾ മിക്കവാറും നിശ്ശബ്ദമാകുമ്പോഴും പട്ടിണി കിടന്നു ആളുകൾ തളർന്നു പോകുമ്പോഴും സുബ്ബയ്യ കട തുറന്നു വെക്കും. വേണ്ടത്ര നെല്ല് കിട്ടാതെ വരുമ്പോൾ ഗ്രാമ പ്രദേശങ്ങളിൽ ചുറ്റി നടന്ന് നെല്ല് ശേഖരിക്കുകയാണ് അയാളുടെ ജോലി.

വിൽക്കാൻ കൊണ്ടുവരുന്ന

കേരളത്തിന്റെ സംസ്ഥാന ശലഭമായി നിർദേശിക്കപ്പെട്ട ചിത്രശലഭം– ബുദ്ധമയൂരി

നെല്ലിൽ കാൽഭാഗം പോലും വാങ്ങിവെക്കാൻ പറ്റില്ല. വില കുത്തനെ താഴോട്ടു പോകുന്നതിനാൽ അരിക്കച്ചവടത്തിൽ ലാഭമില്ലാത്ത ഒരു അവസ്ഥയാകും അപ്പോൾ. വ്യാപാരമാന്ദ്യം അനുഭവപ്പെടുന്ന സമയം. കാലാവസ്ഥയും കച്ചവടത്തിലെ കയറ്റിറക്കങ്ങളും സുബ്ബയ്യയെ തെല്ലുപോലും സ്പർശിച്ചിരുന്നില്ല.

പിതാവ് കച്ചവടം നടത്തിയിരുന്ന കാലത്ത് കുട്ടിമോഹങ്ങൾ മനസ്സിൽ നിറഞ്ഞുനിന്നിരുന്ന അന്ന് അരിയോട് അയാൾക്ക് വെറുപ്പായിരുന്നു. സിനിമ കാണണം, ഫുട്ബോൾ മാച്ചിന് പോകണം, ഒന്നുമില്ലെങ്കിൽ തെരുവുകളിൽ വെറുതെ അലഞ്ഞു നടക്കണം തുടങ്ങിയ ആഗ്രഹങ്ങളൊന്നും അന്ന് നടന്നില്ല. അച്ഛൻ സുബ്ബയ്യയെ കടയിൽ കെട്ടിയിട്ടു. പിതാവിന്റെ ശാസനയിൽ സുബ്ബയ്യ ആഗ്രഹങ്ങൾ ഉപേക്ഷിക്കാൻ നിർബന്ധിതനായി. കാലം കടന്നുപോയപ്പോൾ അയാൾ അരി ഇഷ്ടപ്പെടാൻ തുടങ്ങി. അരി അയാളുടെ ജീവനായി; ഇടുങ്ങിയ കട അയാളുടെ ലോകവും.

പിതാവിന്റെ മരണശേഷം സുബയ്യ കച്ചവടം ഏറ്റെടുത്തു.

അരിക്കച്ചവടം സുബ്ബയ്യക്ക് എല്ലാ ഐശ്വര്യങ്ങളും നേടിക്കൊടുത്തു. വീട്ടിൽ പശുക്കളും എരുമകളും അവയുടെ പാൽ, തൈര്, വെണ്ണ എല്ലാം ഇഷ്ടം പോലെ കഴിച്ച് സുബ്ബയ്യയും ഭാര്യയും മക്കളും തടിച്ചുകൊഴുത്തു. അടുത്തൊരു ഗ്രാമത്തിൽ സുബ്ബയ്യക്ക് ഭൂമിയുണ്ടായിരുന്നു. ഉയർന്ന പലിശക്ക് അയാൾ പണം കടം കൊടുത്തു. ഡസൺ കണക്കിന് വീടുകൾ വാങ്ങി, വാടകയ്ക്ക് കൊടുത്തു. മാസാമാസം സുബ്ബയ്യയുടെ ബാങ്ക് അക്കൗണ്ടിൽ ധനം കുന്നുകൂടിക്കൊണ്ടിരുന്നു.


സുബയ്യയുടെ സമൃദ്ധി അയാളുടെയും ഭാര്യ, കുട്ടികൾ എന്നിവരുടെയും ശരീരത്തിൽ പ്രകടമായിരുന്നു. കുട്ടികൾ കസവുതൊപ്പിയും വെൽവെറ്റ് കുപ്പായവും അണിഞ്ഞ് സ്കൂളിൽ പോയി. ഭാര്യ കടും നിറത്തിലുള്ള ബനാറസ് സാരികളുടുക്കുകയും കട്ടികൂടിയ സ്വർണ്ണാഭരണങ്ങൾ ആവശ്യത്തിലേറെ അണിഞ്ഞുനടക്കുകയും ചെയ്തു. താമസിക്കുന്ന വീടിന് സുബ്ബയ്യ രണ്ടുനിലകൾ കൂടി കൂട്ടിച്ചേർത്തു. പുറമെ കുറെ വിശാലമായ ഹാളുകൾ നിർമ്മിച്ചു. ചുവരുകളെല്ലാം വിലകൂടിയ നീലച്ചായം പൂശി. മനോഹരമായ ചിത്രങ്ങൾകൊണ്ട് ചുവരുകൾ അലങ്കരിച്ചു.

അങ്ങനെയിരിക്കെയാണ് യുദ്ധം പൊട്ടിപ്പുറപ്പെട്ടത്. സുബ്ബയ്യ ഒന്ന് പരിഭ്രമിക്കാതിരുന്നില്ല. എല്ലാം ഇതോടെ അവസാനിക്കുമോ....? ആദ്യത്തെ ഷോക്കിൽ നിന്ന് മുക്തനായപ്പോൾ സുബ്ബയ്യക്ക് തോന്നി, യുദ്ധം അത്ര മോശമല്ലെന്ന്. ബിസിനസ്സിന്ന് യുദ്ധം ഗുണമായിത്തീർന്നു. വിദേശത്തുനിന്ന് അരി തീരെ വരാതായി. രാജ്യത്ത് ഭക്ഷ്യദൗർലഭ്യം അനുഭവപ്പെട്ടു. അത് മനസ്സിലാക്കിയ സുബ്ബയ്യ തന്റെ കൈവശമുള്ള അരിയുടെ സ്റ്റോക്കിന് വില പെട്ടെന്ന് വർധിപ്പിച്ചു.

ഇരുപത്തിനാലു മണിക്കൂറും ജനങ്ങൾ അരിക്കുവേണ്ടി സുബ്ബയ്യയുടെ പീടികയുടെ മുന്നിൽ ക്യൂ നിന്നു. സുബ്ബയ്യയുടെ പണം വെക്കുന്ന സേഫ് നിറഞ്ഞു കവിഞ്ഞു.

വീടിന്റെ അടുത്തുള്ള ഒരു വലിയ കെട്ടിടം സുബ്ബയ്യ വിലയ്ക്ക് വാങ്ങി. അതൊരു ഗോഡൗൺ ആക്കി. ഭാര്യക്കും പെൺമക്കൾക്കും കൂടുതൽ സ്വർണ്ണാഭരണങ്ങൾ വാങ്ങിക്കൊടുത്തു. സുബ്ബയ്യ ഒന്നുകൂടി തടിച്ചുകൊഴുത്തു. യുദ്ധവും തനിക്ക് ഐശ്വര്യമേ നൽകുന്നുള്ളൂവെന്ന് സുബ്ബയ്യക്ക് ബോധ്യമായി.

അപ്പോഴാണ് ഭക്ഷ്യനിയന്ത്രണം വന്നത്. സർക്കാർ കൊണ്ടുവന്ന നിയമങ്ങളുടെ മുമ്പിൽ സുബ്ബയ്യ പകച്ചുനിന്നു.



ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ആദ്യത്തെ ചെയർമാൻ– ജസ്റ്റിസ് രംഗനാഥ മിശ്ര

താൻ എത്ര അരി സ്റ്റോക്ക് വെക്കണം, എന്ത് വിലയ്ക്ക് വിൽക്കണം എന്നൊക്കെ സർക്കാറാണോ നിശ്ചയിക്കേണ്ടത്? അതിനൊക്കെ സർക്കാറിന്നെന്തവകാശം? ഇത് തനി തോന്നിവാസം തന്നെ. സർക്കാർ നികുതി പിരിച്ചും കള്ളന്മാരെ പിടിച്ചും അഴുക്കുചാൽ നിർമ്മിച്ചും നാടു നന്നാക്കട്ടെ. അരിബിസിനസ്സിൽ സർക്കാറിനെന്തുകാര്യം? അയാൾ രോഷം കൊണ്ടു.

സുബ്ബയ്യ തന്റെ സുഹൃത്തുക്കളോട് പരാതി പറഞ്ഞു. ഭക്ഷ്യ വകുപ്പുതന്നെ ഒരു തട്ടിപ്പാണ്. സർക്കാർ എല്ലാം കുഴപ്പത്തിലാക്കുന്നുവെന്ന് ഒരു സുഹൃത്ത് അഭിപ്രായപ്പെട്ടപ്പോൾ സുബ്ബയ്യ അതിനോട് പൂർണ്ണമായും യോജിച്ചു.

സുബ്ബയ്യയുടെ തലച്ചോർ ഉണർന്നു പ്രവർത്തിച്ചപ്പോൾ സർക്കാർ നിയമങ്ങൾ മറികടക്കാനുള്ള സൂത്രങ്ങൾ അയാൾ കണ്ടെത്തി. വേണ്ടപ്പെട്ടവരെ അയാൾ കണ്ടു; കുറെ ഫോമുകൾ പൂരിപ്പിച്ചു ഒപ്പിട്ടുകൊടുത്തു. ഒരു ന്യായവില ഷോപ്പ് നടത്താനുള്ള അനുവാദം അങ്ങനെ അയാൾ നേടിയെടുത്തു.

ബിസിനസ്സ് തുടരാൻ സൗകര്യം കിട്ടിയെങ്കിലും സർക്കാർ നിയമങ്ങൾ സുബ്ബയ്യയെ പിന്നെയും വിഷമിപ്പിച്ചു. താൻ ധാന്യശേഖരം മുഴുവൻ സർക്കാറിന്ന് വിട്ടുകൊടുക്കണം, താൻ ഉൽപാദിപ്പിക്കുന്ന നെല്ലിനും അരിക്കും അവർ വില നിശ്ചയിക്കും. ആ വിലക്ക് സാധനം വിൽക്കുകയും വേണം എന്നിങ്ങനെയുള്ള സർക്കാർ നിയന്ത്രണങ്ങൾ സഹിച്ച് അയാൾ അടങ്ങിയിരുന്നു.


ശരിക്കും ഉറങ്ങാതെയും ഭക്ഷണം കഴിക്കാതെയും കുറച്ചുദിവസം കടന്നുപോയി. അപ്പോഴെല്ലാം സുബ്ബയ്യയുടെ വക്രബുദ്ധി ഉണർന്നു പ്രവർത്തിക്കുകയായിരുന്നു. ഒടുവിൽ പ്രശ്നപരിഹാരം കണ്ടെത്തി.

*(തുടരും)*

# പാവം ആന

കുസുംഷലാൽ ചെറായി

നീണ്ടു കൂർത്തു വെള്ളയായ
കൊമ്പുരണ്ടുള്ളാന
തുമ്പി നീണ്ടു മണ്ണിൽ മുട്ടും
വമ്പനായൊരാന
പാപ്പാനൊപ്പമുള്ളനേരം
പാവമായൊരാന
ഭ്രാന്തുവന്നാൽ നാടിനാകെ
കാലനാണീയാന!



ചൈനയിലേക്കുള്ള ഇന്ത്യയുടെ ആദ്യത്തെ അംബാസിഡർ – കെ.എം. പണിക്കർ